**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 226** — **10-03-2025 - ൽ മറുപടിയ്ക്ക്**

**ജലസ്രോതസ്സുകളിലെ മലിനീകരണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ളം, കൃഷി, മത്സ്യബന്ധനം എന്നിവയ്ക്കായി ആശ്രയിക്കുന്ന ജലസ്രോതസ്സുകളിലെ മലിനീകരണം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | കേരളത്തിലെ നദികളും മറ്റ് ജലസ്രോതസ്സുകളും വിവിധ കാരണങ്ങളാൽ മലിനീകരണത്തിന് വിധേയമായിട്ടുണ്ട് എന്ന പഠന റിപ്പോർട്ടുകൾ ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഗണിച്ച് നദികളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗികമായി സാധ്യമല്ല. എന്നാൽ, മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിൽ ഗുണനിലവാരം കാത്തു സൂക്ഷിക്കാൻ സാധിക്കും. ഇതിനായി വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തവും പൗരബോധവും ആവശ്യമാണ്. ഇത് കൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേക്ക് മാലിന്യ നിക്ഷേപമോ മലിനജലകുഴലോ എത്തുന്നില്ല എന്ന് അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ് .<br><br>നീർത്തടാടിസ്ഥനത്തിൽ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി കൂടി പരിഗണിച്ച് ) ഹരിതകേരള മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'യുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ നീർത്തടത്തിലും ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സ്ഥിതി വിലയിരുത്തി, കുളങ്ങൾ, തോടുകൾ എന്നിവയുടെ സംഭരണശേഷി/വാഹകശേഷി നിലനിർത്തുന്നതിനും, ശുചീകരണത്തിനുമുള്ള നടപടികൾ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവ മുഖേനയും ജലസേചന വകുപ്പ് മുഖേനയും ഏറ്റെടുത്ത് |

നടപ്പിലാക്കാറുണ്ട്. ഇതുവഴി നദികളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, അതിലൂടെ മലിനീകരണത്തിന്റെ തോതും, ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയും. കായലുകൾ/വലിയ ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ പ്രധാന കളയായ കുളവാഴ നീക്കം ചെയ്ത് ജലശുദ്ധി നിലനിർത്തുന്ന പ്രവർത്തനവും നിർവ്വഹിച്ചു വരുന്നു .

ബോർഡ് നാഷണൽ വാട്ടർ കോളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം (NWMP) – ന്റെയും (209 സ്റ്റേഷനുകൾ) സ്റ്റേറ്റ് വാട്ടർ കോളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം (SWMP) ന്റെയും (135 സ്റ്റേഷനുകൾ) ഭാഗമായി കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി 344 സ്റ്റേഷനുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തി വരുന്നു. കിണറുകളിലെ സാമ്പിളുകളും പരിശോധിച്ച് അവശ്യമെങ്കിൽ നിർദ്ദേശം നൽകി വരുന്നു. വാർഷിക ഡയറക്ടറി എല്ലാവർഷവും പ്രസിദ്ധീകരിക്കുന്നു. പരിശോധന ഫലം ബോർഡിന്റെ വെബ് സൈറ്റിലും ലഭ്യമാണ്. ഗുണനിലവാരം പാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപെടുന്ന സാഹചര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് 2018-ൽ നടത്തിയ മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിൽ കേരളത്തിലെ 21 നദീഭാഗങ്ങൾ ഉൾപ്പെട്ടിരുന്നു. ഇതിൽ Priority I –ൽ തിരുവനന്തപുരം ജില്ലയിലെ കരമന നദിയുടെ ഭാഗവും Priority IV – ൽ ഭാരതപ്പുഴ, കടമ്പ്രയാർ, കീച്ചേരി, മണിമല, പമ്പ എന്നീ 5 നദികളുടെ ഭാഗങ്ങളും Priority V-ൽ ഭവാനി, ചിത്രപ്പുഴ, കടലുണ്ടി, കല്ലായി, കരുവണ്ണൂർ, കവ്വായി, കുപ്പം, കുറ്റ്യാടി, മൊഗ്രാൽ, പെരിയാർ, പെരുവമ്പ, പുഴയ്ക്കൽ, രാമപുരം, തിരൂർ, ഉപ്പള എന്നീ 15 നദികളുടെ ഭാഗങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ നദികളെ മാലിന്യമുക്തമാക്കുന്നതിനായും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാകും വിധം ഗുണനിലവാരം മെച്ചപ്പെടുത്തുവാനുമായുള്ള കർമ്മപദ്ധതി തയ്യാറാക്കുവാനും ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ OA No. 673/2018 ൽ 20.09.2018-ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടേയും കർമ്മ പദ്ധതികൾ വിവിധ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി രൂപീകരിച്ച DLTC, River Rejuvenation Committee എന്നിവ മുഖേന കർമ്മപദ്ധതി

നടപ്പിലാക്കുന്നതിന്റെ പുരോഗതി മാസംതോറും നിരീക്ഷിച്ചുവരുന്നു.

**മലിനമായ നദികളുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായി ഈ പറയുന്ന പ്രധാനപ്പെട്ട CSTP/STP-IA പൂർത്തിയാക്കി.**

5 MLD STP, മെഡിക്കൽ കോളേജ്, തിരുവനന്തപുരം.

5 MLD STP, വിത്ത് സെപ്റ്റേജ്, ട്രീറ്റ്മെന്റ് ഫെസിലിറ്റി എളംകുളം കൊച്ചി, എറണാകുളം.

3 MLD STP, ചക്കുകം, ഗുരുവായൂർ, തൃശ്ശൂർ

STP, കോഴിക്കോട് മെഡിക്കൽ കോളേജ് (2 MLD New, 2 MLD old, 1 MLD & 0.5 MLD)

**നിർമ്മാണത്തിലിരിക്കുന്ന പ്രധാന പദ്ധതികൾ:**

12 MLD STP, കുരീപ്പുഴ, കൊല്ലം.

1.5 MLD STP, ഒറ്റപ്പാലം മുനിസിപ്പാലിറ്റി, പാലക്കാട്.

ഈ നടപടികളുടെ ഫലമായി നദീഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. 2022 ലെ പുതിയ വാട്ടർ ക്വാളിറ്റി റിപ്പോർട്ട് അനുസരിച്ച് പൊല്യൂട്ടഡ് റിവർ സ്ട്രെച്ചുകളുടെ എണ്ണം 18 ആയി കുറഞ്ഞിട്ടുണ്ട്. ഇതിൽ Priority I, Priority II – ൽ കേരളത്തിലെ നദികൾ ഉൾപ്പെട്ടിട്ടില്ല. Priority III – ൽ തിരുവനന്തപുരം ജില്ലയിലെ കരമന നദിയുടെ ഭാഗവും Priority IV-ൽ നെയ്യാർ, വാമനപുരം എന്നീ നദികളും Priority V - അയിരൂർ, ചാലക്കുടി, ചിത്രപ്പുഴ, കടലുണ്ടി, കടമ്പ്രയാർ, കല്ലായി, കൽപ്പാത്തിപ്പുഴ, കോരയാർ, മാമം, മണിമല, പമ്പ, പെരിയാർ, പുല്ലൂർ, തിരൂർ, ഉപ്പള എന്നീ 15 നദികളുടെ ഭാഗങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

**മറ്റു ഡിപ്പാർട്ട്മെന്റുകൾ നടപ്പിലാക്കുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നു.**

. അനധികൃത ഡിസ്ചാർജ് തടയുന്നതിനായി പലയിടങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വീടുതോറും ഉള്ള ഖരമാലിന്യങ്ങളുടേയും, വസ്തുക്കളുടേയും ശേഖരണം നടത്തി വരുന്നുണ്ട്. നിയമങ്ങളുടെ ലംഘനം ശ്രദ്ധയിൽപ്പെടുന്ന ഘട്ടങ്ങളിൽ പിഴചുമത്തുകയും ചെയ്യാറുണ്ട്.

| | | | |
|---|---|---|---|
| | | | . രാത്രി നിരീക്ഷണത്തിനുള്ള സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>. മലിനജല ശുചീകരണ യന്ത്രങ്ങൾ ഉപയോഗിച്ച് തോടുകൾ ശുദ്ധീകരിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>. മാലിന്യ നിർമ്മാർജ്ജനം തടയുന്നതിനായി കർമ്മ പദ്ധതി പ്രകാരം വേലി കെട്ടി നദീതീരങ്ങൾ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളസ്രോതസ്സിന്റെ ഗുണനിലവാരം പരിശോധിക്കു ന്നതിനായി എസ്. ആർ. ഐ. (സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ) ലാബും 14 ജില്ലാ ലാബുകളും 71 ഉപജില്ലാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്രോതസ്സിൽ നിന്നും എടുക്കുന്ന ജലം ശുദ്ധീകരണം ചെയ്ത് വിതരണം ചെയ്യുന്നത് വരെയുള്ള വിവിധ ഘട്ടങ്ങളിൽ, വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ശുദ്ധീകരിച്ച ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച ഉറപ്പുവരുത്തിയ ശേഷം മാത്രമാണ് ജനങ്ങൾക്ക് വിതരണം ചെയ്യാറുള്ളത്. |
| (ബി) | ജലസ്രോതസ്സുകളിലെ മലിനീകരണം ആരോഗ്യം, ഭക്ഷ്യസുരക്ഷ എന്നിവയെ പ്രതികൂലമായി ബാധിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ നദികളും മറ്റ് ജലസ്രോതസ്സുകളും വിവിധ കാരണങ്ങളാൽ മലിനീകരണത്തിന് വിധേയമായിട്ടുണ്ട് എന്ന പഠന റിപ്പോർട്ടുകൾ ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഗണിച്ച് നദികളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗികമായി സാധ്യമല്ല. എന്നാൽ, മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിൽ ഗുണനിലവാരം കാത്തു സൂക്ഷിക്കാൻ സാധിക്കും. ഇതിനായി വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തവും പൗരബോധവും ആവശ്യമാണ്. ഇത് കൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേക്ക് മാലിന്യ നിക്ഷേപമോ മലിനജലകുഴലോ എത്തുന്നില്ല എന്ന് അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്.<br><br>നീർത്തടാടിസ്ഥനത്തിൽ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി കൂടി പരിഗണിച്ച് ) ഹരിതകേരള മിഷന്റെ ഉപമിഷനായ |

'ജലസമൃദ്ധി'യുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ നീർത്തടത്തിലും ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സ്ഥിതി വിലയിരുത്തി, കുളങ്ങൾ, തോടുകൾ എന്നിവയുടെ സംഭരണശേഷി/വാഹകശേഷി നിലനിർത്തുന്നതിനും, ശുചീകരണത്തിനുമുള്ള നടപടികൾ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവ മുഖേനയും ജലസേചന വകുപ്പ് മുഖേനയും ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. ഇതുവഴി നദികളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, അതിലൂടെ മലിനീകരണത്തിന്റെ തോതും, ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയും. കായലുകൾ/വലിയ ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ പ്രധാന കളയായ കുളവാഴ നീക്കം ചെയ്ത് ജലശുദ്ധി നിലനിർത്തുന്ന പ്രവർത്തനവും നിർവ്വഹിച്ചു വരുന്നു .

ബോർഡ് നാഷണൽ വാട്ടർ കോളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം (NWMP) – ന്റെയും (209 സ്റ്റേഷനുകൾ) സ്റ്റേറ്റ് വാട്ടർ കോളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം (SWMP) ന്റെയും (135 സ്റ്റേഷനുകൾ) ഭാഗമായി കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി 344 സ്റ്റേഷനുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തി വരുന്നു. കിണറുകളിലെ സാമ്പിളുകളും പരിശോധിച്ച് അവശ്യമെങ്കിൽ നിർദ്ദേശം നൽകി വരുന്നു. വാർഷിക ഡയറക്ടറി എല്ലാവർഷവും പ്രസിദ്ധീകരിക്കുന്നു. പരിശോധന ഫലം ബോർഡിന്റെ വെബ് സൈറ്റിലും ലഭ്യമാണ്. ഗുണനിലവാരം പാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപെടുന്ന സാഹചര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് 2018-ൽ നടത്തിയ മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിൽ കേരളത്തിലെ 21 നദീഭാഗങ്ങൾ ഉൾപ്പെട്ടിരുന്നു. ഇതിൽ Priority I –ൽ തിരുവനന്തപുരം ജില്ലയിലെ കരമന നദിയുടെ ഭാഗവും Priority IV – ൽ ഭാരതപ്പുഴ, കടമ്പ്രയാർ, കീച്ചേരി, മണിമല, പമ്പ എന്നീ 5 നദികളുടെ ഭാഗങ്ങളും Priority V-ൽ ഭവാനി, ചിത്രപ്പുഴ, കടലുണ്ടി, കല്ലായി, കരുവന്നൂർ, കവ്വായി, കുപ്പം, കുറ്റ്യാടി, മൊഗ്രാൽ, പെരിയാർ, പെരുവമ്പ, പുഴയ്ക്കൽ, രാമപുരം, തിരൂർ, ഉപ്പള എന്നീ 15 നദികളുടെ ഭാഗങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ നദികളെ മാലിന്യമുക്തമാക്കുന്നതിനായും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാകും വിധം ഗുണനിലവാരം മെച്ചപ്പെടുത്തുവാനുമായുള്ള കർമ്മപദ്ധതി തയ്യാറാക്കുവാനും ബഹു. ദേശീയ

ഹരിത ട്രൈബ്യൂണൽ OA No. 673/2018 ൽ 20.09.2018-ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടേയും കർമ്മ പദ്ധതികൾ വിവിധ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി രൂപീകരിച്ച DLTC, River Rejuvenation Committee എന്നിവ മുഖേന കർമ്മപദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗതി മാസംതോറും നിരീക്ഷിച്ചുവരുന്നു.

**മലിനമായ നദികളുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായി ഈ പറയുന്ന പ്രധാനപ്പെട്ട CSTP/STP-IA പൂർത്തിയാക്കി.**

5 MLD STP, മെഡിക്കൽ കോളേജ്, തിരുവനന്തപുരം.

5 MLD STP, വിത്ത് സെപ്റ്റേജ്, ട്രീറ്റ്മെന്റ് ഫെസിലിറ്റി എളംകുളം കൊച്ചി, എറണാകുളം.

3 MLD STP, ചക്കുകം, ഗുരുവായൂർ, തൃശ്ശൂർ

STP, കോഴിക്കോട് മെഡിക്കൽ കോളേജ് (2 MLD New, 2 MLD old, 1 MLD & 0.5 MLD)

**നിർമ്മാണത്തിലിരിക്കുന്ന പ്രധാന പദ്ധതികൾ:**

12 MLD STP, കുരീപ്പുഴ, കൊല്ലം.

1.5 MLD STP, ഒറ്റപ്പാലം മുനിസിപ്പാലിറ്റി, പാലക്കാട്.

ഈ നടപടികളുടെ ഫലമായി നദീഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. 2022 ലെ പുതിയ വാട്ടർ ക്വാളിറ്റി റിപ്പോർട്ട് അനുസരിച്ച് പൊല്യൂട്ടഡ് റിവർ സ്ട്രെച്ചുകളുടെ എണ്ണം 18 ആയി കുറഞ്ഞിട്ടുണ്ട്. ഇതിൽ Priority I, Priority II – ൽ കേരളത്തിലെ നദികൾ ഉൾപ്പെട്ടിട്ടില്ല. Priority III – ൽ തിരുവനന്തപുരം ജില്ലയിലെ കരമന നദിയുടെ ഭാഗവും Priority IV-ൽ നെയ്യാർ, വാമനപുരം എന്നീ നദികളും Priority V - അയിരൂർ, ചാലക്കുടി, ചിത്രപ്പുഴ, കടലുണ്ടി, കടമ്പ്രയാർ, കല്ലായി, കൽപ്പാത്തിപ്പുഴ, കോരയാർ, മാമം, മണിമല, പമ്പ, പെരിയാർ, പുല്ലൂർ, തിരൂർ, ഉപ്പള എന്നീ 15 നദികളുടെ ഭാഗങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

**മറ്റു ഡിപ്പാർട്ട്മെന്റുകൾ നടപ്പിലാക്കുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നു.**

| | | | |
|---|---|---|---|
| | | | . അനധികൃത ഡിസ്ചാർജ് തടയുന്നതിനായി പലയിടങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വീട്ടുതോറും ഉള്ള ഖരമാലിന്യങ്ങളുടേയും, വസ്തുക്കളുടേയും ശേഖരണം നടത്തി വരുന്നുണ്ട്. നിയമങ്ങളുടെ ലംഘനം ശ്രദ്ധയിൽപ്പെടുന്ന ഘട്ടങ്ങളിൽ പിഴചുമത്തുകയും ചെയ്യാറുണ്ട്.<br><br>. രാത്രി നിരീക്ഷണത്തിനുള്ള സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>. മലിനജല ശുചീകരണ യന്ത്രങ്ങൾ ഉപയോഗിച്ച് തോടുകൾ ശുദ്ധീകരിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>. മാലിന്യ നിർമ്മാർജ്ജനം തടയുന്നതിനായി കർമ്മ പദ്ധതി പ്രകാരം വേലി കെട്ടി നദീതീരങ്ങൾ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളസ്രോതസ്സിന്റെ ഗുണനിലവാരം പരിശോധിക്കു ന്നതിനായി എസ്. ആർ. ഐ. (സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ) ലാബും 14 ജില്ലാ ലാബുകളും 71 ഉപജില്ലാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്രോതസ്സിൽ നിന്നും എടുക്കുന്ന ജലം ശുദ്ധീകരണം ചെയ്ത് വിതരണം ചെയ്യുന്നത് വരെയുള്ള വിവിധ ഘട്ടങ്ങളിൽ, വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ശുദ്ധീകരിച്ച ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ചു ഉറപ്പുവരുത്തിയ ശേഷം മാത്രമാണ് ജനങ്ങൾക്ക് വിതരണം ചെയ്യാറുള്ളത്. |
| (സി) | ജലസ്രോതസ്സുകൾക്കു സമീപമുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ജലസ്രോതസ്സുകളിലേക്ക് ഒഴുക്കി വിടുന്നില്ലെന്നുറപ്പ് വരുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | ജലസ്രോതസ്സുകളുടെ മലിനീകരണത്തിനെതിരെ നടപടിയെടുവാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഒപ്പം കേരളാ വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം, പുഴകൾ മലിനീകരിക്കുന്നവർക്കെതിരെ, ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ പരാതി നൽകുകയും, പോലീസ് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട് .<br><br>കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടെ പരിധിയിൽ വരുന്ന വ്യവസായ ശാലകൾക്കും ബഹുനില സമുച്ചയങ്ങൾക്കും മതിയായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയാണ് പ്രവർത്തനാനുമതി നൽകുന്നത്. ഇവയുടെ കാര്യക്ഷമത നിരീക്ഷിച്ചു വരുന്നുമാണ്. |

| | | | |
|---|---|---|---|
| | | | ഗുണനിലവാരം പാലിക്കാത്തതായി കണ്ടെത്തിയാൽ തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ